**A** **6001**

# വാർഷിക മൂല്യനിർണയം 2016–17

## കല, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 6 സമയം: 2 മണിക്കൂർ

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
4. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

---

**വിഭാഗം 1 – കലാപഠനം**

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക**

1. നാടൻ നൃത്തരൂപത്തിന് ഉദാഹരണം ?

   a) ഭരതനാട്യം b) ഒപ്പന c ) മോഹിനിയാട്ടം

2. ഭരതനാട്യവുമായി ബന്ധമില്ലാത്ത പദം ?

   a) അടവുകൾ b) ഇശലുകൾ c )മുദ്രകൾ

3. ഏതു നൃത്തരൂപത്തിലാണ് കൃഷ്ണമുടി ഉപയോഗിക്കുന്നത് ?

   a) കോൽക്കളി b) കഥകളി c )മാർഗംകളി

4. താഴെ കൊടുത്തവയിൽ നൃത്തവുമായി ബന്ധമുള്ള വ്യക്തി ആര് ?

   a) പത്മാസുബ്രഹ്മണ്യം b) സച്ചിൻടെണ്ടുൽക്കർ
   c) പത്മശ്രീ കെ ജെ യേശുദാസ്

5. വിമർശനാത്മക ഹാസ്യത്തിന് പ്രാധാന്യമുള്ള ചിത്രരചനാ രീതി ?

   a) കാർട്ടൂൺ b) കളമെഴുത്ത് c )ചുമർചിത്രരചന

6. താഴെ പറയുന്നവയിൽ ശില്പനിർമ്മാണത്തിന് കൂടുതൽ അനുയോജ്യമായ മാധ്യമം ഏത് ?

   a) കല്ല് b) ക്രയോൺസ് c) ജലച്ചായം

7. വിവിധ നിറങ്ങളുടെ പേരുകൾ താഴെ നൽകുന്നു.ഇവയിൽ പ്രാഥമിക നിറമേത് ?

   a) കറുപ്പ് b) ചുവപ്പ് c )വെള്ള

8. വെളുപ്പും,കറുപ്പും ചായങ്ങൾ തമ്മിൽ സംയോജിപ്പിക്കുമ്പോൾ ലഭിക്കുന്ന നിറമേത്

a ) മഞ്ഞ b) ചുവപ്പ് c )ചാരനിറം

9. രാജാവ് എന്ന കഥാപാത്രത്തിന്റെ വേഷത്തിന് യോജിച്ച സാമഗ്രിയാണ് ..

a ) പേന b) കിരീടം c )പുസ്തകം

10. നാടകത്തിൽ നിന്നും സിനിമയ്ക്കുള്ള ഒരു വ്യത്യാസം താഴെ കാണിച്ചിരിക്കുന്നു. ശരിയായത് തെരഞ്ഞെടുത്തെഴുതുക ?

a ) ക്യാമറ ഉപയോഗിച്ച് ചിത്രീകരിച്ച് അവതരിപ്പിക്കുന്നു.

b ) രംഗത്ത് നേരിട്ടവതരിപ്പിക്കുന്നു

c ) ഇവയൊന്നുമല്ല.

11. പാവകളെ കഥാപാത്രങ്ങളാക്കി അവതരിപ്പിക്കുന്ന നാടകശൈലി ഏത് ?

a ) തെരുവുനാടകം b )തോൽപ്പാവക്കൂത്ത് c )ചവിട്ടുനാടകം

12. ദേശീയബോധം ,ദേശസ്നേഹം ,സമഭാവന എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഗാനം

a ) യക്ഷഗാനം b )വഞ്ചിപ്പാട്ട് c )ദേശഭക്തിഗാനം

13. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ ശരിയായവ കണ്ടെത്തുക ? 'ലയം ഒരു സംഗീതാംശമാണ്'

ശരി / തെറ്റ്

BIO-VISION VIDEO BLOG

14. മോയിൻകുട്ടി വൈദ്യർ ഏതു ഗാനശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു .

a ) മാപ്പിളപ്പാട്ട് b )ഗസൽ c )വേലകളിപ്പാട്ട്

15. താളവാദ്യങ്ങളെ ഘടനാപരമായി രണ്ടായി തരം തിരിക്കാം . തുകൽവാദ്യങ്ങൾ ,ലോഹവാദ്യങ്ങൾ

താഴെ പറയുന്നവയിൽ ഏതാണ് ലോഹവാദ്യത്തിനുദാഹരണം.

a ) ചെണ്ട b )മൃദംഗം c) ഇലത്താളം

**വിഭാഗം 2 - പ്രവൃത്തിപഠനം**

1. ഒരു ജൈവകീടനാശിനിയുടെ പേരെഴുതുക?

2. ഏതെങ്കിലും രണ്ട് ഔഷധച്ചെടികളുടെ പേരെഴുതുക?

3. അച്ചാർ നിർമ്മിക്കുന്നതിന് ചുറ്റുപാടിൽ നിന്നും ലഭിക്കുന്നതും ഗുണമേൻമയുള്ളതുമായ ഏതെങ്കിലും ആറ് കായ്കളുടെ പേരെഴുതുക ?

4. ഒരു എ4 സൈസ് പേപ്പർ ഉപയോഗിച്ച് ഒരു ഓഫീസ് എൻവലപ്പ് (കവർ) നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ഏതെല്ലാം?.

5. ഒരു ടൗവ്വൽ ഫെബ്രിക് പെയിന്റ് ചെയ്ത് അലങ്കരിക്കുന്ന പ്രവർത്തനത്തിന്റെ വർക്ക് ഡയറി തയ്യാറാക്കുക?

6. ചാർട്ട്പേപ്പർ ഉപയോഗിച്ച് ഒരു ക്യാരിബാഗ് നിർമ്മിക്കുന്ന രീതി വിശദീകരിക്കുക

വിഭാഗം 3 – ആരോഗ്യകായിക വിദ്യാഭ്യാസം

1. പോളിയോ പിടിപെട്ട് നടക്കാൻ സാധിക്കില്ലന്ന് ഡോക്ടർമാർ വിധിച്ചിട്ടും ചിട്ടയായ കായിക പ്രവർത്തനത്തിലൂടെ കായികലോകം കീഴടക്കിയ കായിക താരം.

   ( വിൽമ റുഡോൾഫ് ,സെറീന വില്യംസ് ,മെർലിൻ ഓട്ടി, ഫ്ളോജോ)

2. ലോകത്തിലെ ഏറ്റവും വേഗമേറിയ ഓട്ടക്കാരൻ ആര്?

   (കാൾ ലൂയിസ്, മിൽക്കസിങ്ങ്, ഉസൈൻ ബോൾട്ട്, ബെൻജോൺസൺ)

3. അംഗപരിമിതർക്കുള്ള ഒളിംപിക്സ് മൽസരങ്ങൾ ഏതാണ്?

   (ഡ്വാർഫ് ഗെയിംസ്, ഒളിമ്പിക്സ്, സാഫ് ഗെയിംസ്, പാരാലിംപിക്സ്)

4. നിത്യവും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുവഴി കൈവരിക്കുന്ന നേട്ടങ്ങൾ എഴുതുക.

5. പരിസ്ഥിതി സൗഹാർദ്ദപരമായ ഒരു കായിക വിനോദമാണ് സൈക്കിൾ സവാരി. അതോടൊപ്പം മറ്റെന്തെല്ലാം ഗുണങ്ങൾ സൈക്കിൾ സവാരിയിലൂടെ ലഭ്യമാകുന്നു?

6. ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഓരോ കായിക ഇനത്തിന്റെയും പേരും ഏത് മേഖലയിലാണ് ഈ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് എന്നും എഴുതുക?

1


2


3


4


7. കായിക മത്സരങ്ങളിൽ ഏർപ്പെടുമ്പോൾ മുൻകരുതലുകൾക്കായി ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണങ്ങൾ ഏതെല്ലാമെന്ന് ലിസ്റ്റ് ചെയ്യുക .

8. കായിക മത്സരങ്ങളിലെ വിജയത്തിന് വേഗം വളരെയധികം സ്വാധീനം ചെലുത്തുന്നു.വേഗത്തിന് ഏറ്റവും പ്രാധാന്യമുള്ള ഗെയിമുകൾ ഏതെല്ലാം?